**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1567** **05-07-2022 - ൽ മറുപടിയ്ക്ക്**

**സ്കൂൾ മുറ്റത്ത് പച്ചക്കറി ഉല്പാദനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ കെ വിജയൻ** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | വിദ്യാർത്ഥികളിൽ കൃഷി സംസ്കാരവും അഭിരുചിയും വളർത്തിയെടുക്കാൻ കൃഷി വകുപ്പ് ഈ വർഷം സ്കൂളുകളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | വിദ്യാർത്ഥികളിൽ ബാല്യകാലത്ത് തന്നെ കൃഷി സംസ്കാരവും അഭിരുചിയും വളർത്തിയെടുക്കുക എന്നത് കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന "ഞങ്ങളും കൃഷിയിലേക്ക്" പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളിലൊന്നാണ്. ഓണക്കാലത്ത് വിഷരഹിത പച്ചക്കറി ഉല്പാദിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന "ഓണത്തിന് ഒരു മുറം പച്ചക്കറി" പദ്ധതിയുടെ ഭാഗമായി 10/- രൂപ വിലവരുന്ന വിവിധ ഇനങ്ങളടങ്ങിയ പച്ചക്കറി വിത്ത് പാക്കറ്റുകളും 2.50 രൂപ വിലയുള്ള പച്ചക്കറി തൈകളും വിദ്യാർത്ഥികൾക്ക് സൗജന്യമായി നൽകി വരുന്നു. വിദ്യാർത്ഥികളിൽ കൃഷി സംസ്കാരവും അഭിരുചിയും പ്രോത്സാഹിപ്പിക്കുന്നതിനായി സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ സ്ഥാപന അടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷി എന്ന ഘടകത്തിൽ ഉൾപ്പെടുത്തി സ്കൂൾ വളപ്പിൽ പ്രോജക്ട് അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ചെയ്യുന്നതിന് ധനസഹായം നൽകി വരുന്നു. അദ്ധ്യാപകരുടെ മേൽനോട്ടത്തിൽ ഇത്തരത്തിൽ പച്ചക്കറി കൃഷി നടപ്പിലാക്കുന്നതിലൂടെ ഒരു കാർഷിക സംസ്കാരം വിദ്യാർത്ഥികളിൽ വളർത്തിയെടുക്കുവാനും, വിഷരഹിത പച്ചക്കറിയുടെ പ്രധാന്യം മനസ്സിലാക്കുന്നതിനും സാധ്യമാകുന്നു. ഇതുവഴി ആരോഗ്യമുള്ള തലമുറയെ വാർത്തെടുക്കുന്നതിനും കഴിയും. |
| (ബി) | ഓണവിപണി മുൻനിർത്തി പച്ചക്കറി ഉല്പാദനത്തിന് കൃഷി വകുപ്പ് എന്തൊക്കെ പദ്ധതികൾ തയ്യാറാക്കി വരുന്നു എന്ന് വിശദമാക്കാമോ? | (ബി) | സംസ്ഥാനത്ത് സുരക്ഷിത ഭക്ഷ്യോല്പാദനം ലക്ഷ്യമിട്ടുകൊണ്ടും ഉത്സവ സീസണുകളിൽ പച്ചക്കറിയ്ക്കായി അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടി വരുന്ന സാഹചര്യം ഒഴിവാക്കുന്നതിനായും ഓണക്കാലത്ത് വിഷരഹിതമായ പച്ചക്കറികൾ നമ്മുടെ സ്വന്തം വീട്ടുവളപ്പിൽ നിന്ന് തന്നെ ലഭ്യമാക്കുവാൻ ഉദ്ദേശിച്ചും |

| | | | | |
|---|---|---|---|---|
| | | | | കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി, ഓണക്കാലത്ത് നടപ്പിലാക്കി വരുന്ന ബൃഹത് പദ്ധതിയാണ് "**ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി**".<br><br>ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതിയുടെ ഭാഗമായി വീട്ടുവളപ്പിൽ കൃഷി ചെയ്യാനായി 10/- രൂപ വില വരുന്ന വിവിധ ഇനങ്ങൾ അടങ്ങിയ പച്ചക്കറി വിത്ത് പാക്കറ്റുകളും, വിവിധ ഇനത്തിൽപ്പെട്ട പച്ചക്കറി തൈകളും നൽകി വരുന്നു. കർഷകർ, വിദ്യാർത്ഥികൾ, സഹകരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, ഉദ്യോഗസ്ഥർ, സന്നദ്ധ സംഘടനകൾ, ജനപ്രതിനിധികൾ, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ തുടങ്ങി പൊതു സമൂഹത്തിലെ എല്ലാ വിഭാഗത്തെയും പങ്കെടുപ്പിച്ചു കൊണ്ടാണ് "**ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി**" നടപ്പിലാക്കുന്നത്.<br><br>കൂടാതെ വ്യാവസായിക അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി എന്ന ഘടകത്തിൽ ഉൾപ്പെടുത്തി പച്ചക്കറി ക്ലസ്റ്ററുകളിലായി 3 മുതൽ 5 ഹെക്ടർ വരെ പച്ചക്കറി കൃഷി ചെയ്യുന്നതിനായി ക്ലസ്റ്റർ ഒന്നിന് പരമാവധി 1 – 1.25 ലക്ഷം രൂപ വരെ ധനസഹായം നൽകി വരുന്നുണ്ട്.<br><br>ക്ലസ്റ്ററുകളിൽ ഉൾപ്പെടാതെ കൃഷി ചെയ്യുന്ന കൃഷിക്കാർക്ക് സ്റ്റാഗേർഡ് ക്ലസ്റ്ററിൽ ഉൾപ്പെടുത്തി ഹെക്ടറൊന്നിന് പന്തൽ ആവശ്യമുള്ളതിന് 25,000/- രൂപയും, പന്തൽ ആവശ്യമില്ലാത്തതിന് 20,000/- രൂപ വരെ നിരക്കിൽ ധനസഹായം നൽകുന്നു. |

സെക്ഷൻ ഓഫീസർ